പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 330. | 09/04/2013 -ൽ മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം എഴുത്തുകാർക്ക് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>ശ്രീ. എ.എം.ആരിഫ്:<br>ശ്രീ. ബി.ഡി.ദേവസ്സി:<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം എഴുത്തുകാർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) | 1960-ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടം 29(iii) പ്രകാരം, ആധാരമെഴുത്തുകാർ, പൊതുജനങ്ങൾക്കും ജീവനക്കാർക്കുമിടയിൽ മധ്യവർത്തിയായി പ്രവർത്തിക്കാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത ചട്ടത്തിന് വിരുദ്ധമായി ലൈസൻസികൾ പ്രവർത്തിക്കുന്നതായി നിരവധി പരാതികൾ പൊതുജനങ്ങളിൽനിന്നും, ജീവനക്കാരിൽ നിന്നും ലഭിക്കുകയും, ആയത് കണക്കിലെടുത്ത് ആധാരമെഴുത്തുകാർ അനാവശ്യമായി സബ് രജിസ്ട്രാർ ഓഫീസിൽ കയറുന്നതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇത്തരം നിയന്ത്രണം കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനാകുമോ ; | ബി) | മെച്ചപ്പെടുത്താനാകും. |
| സി) | സംസ്ഥാനത്ത് നടന്ന വ്യാജ മുദ്രപത്ര കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | സി) | സംസ്ഥാനത്ത് നടന്ന വ്യാജമുദ്രപത്ര കേസുകളുടെ അന്വേഷണങ്ങളെല്ലാം (4 ക്രൈം കേസുകൾ), ക്രൈം ബ്രാഞ്ച് വിഭാഗം നടത്തിവരികയാണ്. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട 4 കേസുകളിൽ, തൊണ്ടി മുതലായ വ്യാജമുദ്രപത്രങ്ങളുടെ ശാസ്ത്രീയ പരിശോധന നടന്നു |

| | | | |
|---|---|---|---|
| | | | വരികയാണ്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കപ്പെടുന്നതാണ്. |
| ഡി) | ഇതുവരെയുള്ള അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്താണെന്ന് അറിയിക്കാമോ : | ഡി) | വ്യാജമുദ്രപത്രം നിർമ്മിച്ച് ആയത് യഥാർത്ഥ മുദ്രപ്പത്രമാണെന്ന രീതിയിൽ ബാങ്കുകളിൽ സമർപ്പിക്കുകയും അഡ്വക്കേറ്റുമാർക്ക് വിലയ്ക്ക് നൽകുകയും ചെയ്തു എന്നുള്ള വിവരങ്ങളാണ് നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. |
| ഇ) | അന്വേഷണം എന്ന് പൂർത്തീകരിക്കും എന്നു അറിയിക്കുമോ; | ഇ) | ഇത് സംബന്ധിച്ചുള്ള കേസുകളിൻമേൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് കാലതാമസം കൂടാതെ അന്വേഷണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| എഫ്) | ആധാരം എഴുത്തുകാരുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | എഫ്) | കേരള ആധാരമെഴുത്ത്-കൈപ്പട ലൈസൻസികളുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്ട്, 2013 ജനുവരി 10-ന് പ്രാബല്യത്തിൽ വന്നു. ക്ഷേമനിധി പദ്ധതികളിൽ പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ കൂടാതെ വ്യക്തിഗത വായ്പ, വീടുവയ്ക്കുന്നതിനും, വീട് പുതുക്കി പണിയുന്നതിനും, വസ്തു വാങ്ങുന്നതിനും, വീടോടുകൂടിയ വസ്തു വാങ്ങുന്നതിനും വായ്പ, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ വായ്പ, അംഗങ്ങളുടെയും അവരുടെ പെൺമക്കളുടെയും വിവാഹചെലവിന് ധനസഹായം, വനിതാ അംഗങ്ങളുടെ പ്രസവ ചെലവിനായി ധനസഹായം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1991-മുതൽ ... നിലവിലുള്ള ക്ഷേമനിധി പദ്ധതി പ്രകാരം, അംഗങ്ങൾക്ക് ചികിത്സാ ധനസഹായം, വിരമിക്കൽ ആനുകൂല്യം, മരണാനന്തരാനുകൂല്യം എന്നിവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.